# 01.03.2018 -ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ പതിനൊന്നാമത് യോഗത്തിന്റെ നടപടിക്രമം

യോഗം വൈകുന്നേരം 3.30 ന് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനം ഇതിനകം വളരെയധികം മുന്നോട്ട് പോയിട്ടുണ്ടെന്നും കമ്മീഷൻ നടത്തിയ പബ്ലിക് ഹിയറിംഗുകൾ ഏറെ ഫലപ്രദമായിരുന്നുവെന്നും ചെയർമാൻ ആമുഖമായി പറഞ്ഞു.

ഉദ്യോഗസ്ഥശേഷി വികസനം സംബന്ധിച്ച് കൃത്യവും അനുഭവതലത്തിൽ നിന്നുകൊണ്ടുള്ളതുമായ വിലയിരുത്തലും ആ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ പരിശീലന പദ്ധതിയും ആവശ്യമാണെന്നും ചെയർമാൻ നിർദ്ദേശിച്ചു.

മുൻകാല കമ്മീഷനുകൾ നൽകിയ ശുപാർശകൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും അതിന്റെ പ്രസക്തിയെക്കുറിച്ചും ചെയർമാൻ ചൂണ്ടിക്കാട്ടി. കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനത്തിന് ഒരു കരട് സമയക്രമം തയ്യാറാക്കണമെന്നും ഓരോ പഠനം സംബന്ധിച്ചും ഏതെല്ലാം ഘട്ടങ്ങൾ ഏതെല്ലാം സമയക്രമത്തിൽ പൂർത്തിയാക്കണമെന്ന ധാരണ വേണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കമ്മീഷന്റെ പ്രവർത്തനം ഐ.എം.ജി യിൽ തയ്യാറായിട്ടുള്ള ഓഫീസ് സൗകര്യത്തിലേക്ക് എത്രയും വേഗം മാറ്റുന്നതാവും നല്ലതെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

ചെയർമാന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മെമ്പർ സെക്രട്ടറിയുടെ വിശദീകരണവും കമ്മീഷൻ അംഗങ്ങളുടെ അഭിപ്രായങ്ങളും തുടർന്ന് ചർച്ച ചെയ്തു. അജണ്ടയിലെ വിഷയങ്ങൾ ക്രമമായി ചർച്ച ചെയ്ത് വിലയിരുത്തലുകളും തീരുമാനങ്ങളും എടുക്കുകയുണ്ടായി.

**തീരുമാനങ്ങൾ**

| അജണ്ട ഇനം നമ്പർ | വിഷയം | തീരുമാനങ്ങൾ |
|---|---|---|
| 1 | 14.12.2017 -ലെ ഭരണപരിഷ്കാര കമ്മീഷന്റെ പത്താമത് യോഗം- മിനിട്സ് അംഗീകരിക്കൽ. | മിനിട്സ് അംഗീകരിച്ചു. |
| 2 | 14.12.2017 -ലെ ഭരണ പരിഷ്കാര കമ്മീഷന്റെ പത്താമത് യോഗത്തിലെ തീരുമാനങ്ങൾ- നടപടി റിപ്പോർട്ട് | നടപടി റിപ്പോർട്ട് അംഗീകരിച്ചു |

| | | |
|---|---|---|
| 3 | ഉദ്യോഗസ്ഥശേഷി വികസനം സംബന്ധിച്ച കമ്മീഷന്റെ കരട് റിപ്പോർട്ടിന്റെ അംഗീകാരം | ഉദ്യോഗസ്ഥശേഷി വികസനം സംബന്ധിച്ച കരട് റിപ്പോർട്ട് സംബന്ധിച്ച് കമ്മീഷൻ അംഗങ്ങൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങളും ചെയർമാന്റെ നിർദ്ദേശങ്ങളും പരിഗണിച്ച് കരട് റിപ്പോർട്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്താനും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി മാർച്ച് 28 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാനും തീരുമാനിച്ചു. |
| 4 | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ( CMD)യുടെ കരാർ കാലാവധി നീട്ടി നൽകുന്നത് സംബന്ധിച്ച് | CMD യുടെ പഠനപ്രക്രിയ പൂർത്തിയാകാൻ സമയമെടുക്കുന്ന സാഹചര്യത്തിലും ധാരണാപത്രം പ്രകാരമുള്ള കാലാവധി 2017 ഡിസംബർ 31 ന് അവസാനിച്ചിട്ടുള്ള സാഹചര്യത്തിലും CMD ക്ക് ആറ് മാസത്തേക്ക് കൂടി കാലാവധി നീട്ടിക്കൊടുക്കുന്നതിനും തീരുമാനിച്ചു. |
| 5 | പൗരകേന്ദ്രീകൃത സേവനം സംബന്ധിച്ച് കമ്മീഷൻ നടത്തി വരുന്ന പഠനം - വിദഗ്ദ്ധ സമിതി വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് | ഈ വിഷയം സംബന്ധിച്ച് വിദഗ്ദ്ധാംഗങ്ങളുടെ പേരുകൾ സഹിതം നിർദ്ദേശങ്ങൾ ചെയർമാന് സമർപ്പിക്കുന്നതിന് തീരുമാനിച്ചു. |
| 6 | ഐ.എം.ജി യിലെ നിർദ്ദിഷ്ട ഓഫീസ് സൗകര്യത്തിലേക്ക് കമ്മീഷന്റെ ഓഫീസ് മാറ്റുന്നത് സംബന്ധിച്ച് | ഭരണപരിഷ്കാര കമ്മീഷന്റെ ഓഫീസ് ഐ.എം.ജി യിൽ പൂർത്തീകരിച്ച സാഹചര്യത്തിൽ സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചു വരുന്ന ഓഫീസ് 2018 മാർച്ച് 28 ന് ഐ.എം.ജി യിലെ നിർദ്ദിഷ്ട ഓഫീസ് സൗകര്യത്തിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചു. |
| 7 | ക്ഷേമനിയമങ്ങളുടെ പഠനം- റിപ്പോർട്ട് രൂപപ്പെടുത്തുന്ന ജോലി സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയൺമെന്റൽ സ്റ്റഡീസ് (CSES)നെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് | ക്ഷേമനിയമങ്ങൾ സംബന്ധിച്ച കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ചുമതല സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയൺമെന്റൽ സ്റ്റഡീസ് (CSES) നെ ഏൽപ്പിച്ച നടപടി സാധൂകരിക്കുന്നതിനും ഇതിനായി മൂന്ന് ലക്ഷത്തി അയ്യായിരത്തി മുപ്പത് (3,05,030/-) രൂപ ചെലവഴിക്കുന്നതിനും തീരുമാനിച്ചു. |
| 8 | ഇപ്പോൾ പഠനം നടന്നു വരുന്നത് കൂടാതെയുള്ള പാർശ്വവൽകൃത മേഖലയിലെ മറ്റ് വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് | ഈ വിഷയം സംബന്ധിച്ച് വിദഗ്ദ്ധാംഗങ്ങളുടെ പേരുകൾ ഉൾക്കൊള്ളുന്ന നിർദ്ദേശങ്ങൾ സഹിതം ഫയൽ ചെയർമാന്റെ ഉത്തരവിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. |
| 9 | ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം - കൂടുതൽ മേഖലകളിലേക്ക് പഠനം വ്യാപിപ്പിക്കുന്നതിന് വിദഗ്ദ്ധസമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് . | എൽ.എസ്.ജി,ഐ ഓംബുഡ്സ്മാൻ, ലോകായുക്ത എന്നിവയുടെ പ്രവർത്തനം, അവിഹിത സ്വത്ത് കണ്ടുകെട്ടൽ നിയമം എന്നിവ സംബന്ധിച്ച് പഠനം ആരംഭിക്കുന്നതിന് തീരുമാനിച്ചു. |
| 10 | കമ്മീഷന്റെ പഠനമേഖല വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് | പരിസ്ഥിതിയും സുസ്ഥിരവികസനവും, ആസൂത്രണവും ധനകാര്യവും, ഫലപ്രാപ്തിയുള്ളതും കാര്യക്ഷമവുമായ ഭരണം, അടിസ്ഥാന സൗകര്യങ്ങൾ- ഉപയോഗവും സംരക്ഷണവും |

| | | |
|---|---|---|
| | | തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് പഠനം ആരംഭിക്കുന്നതിനായി സി.എം.ഡി യുമായി ചേർന്ന് ബ്രെയിൻ സ്റ്റോമിംഗ് സെഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. |
| 11 | കമ്മീഷൻ നടത്തുന്ന വിവിധ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ കമ്മീഷൻ ഉദ്യോഗസ്ഥർ നടത്തിയ സന്ദർശനങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച് | വിവിധ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തിയപ്പോൾ ലഭിച്ച വിവരങ്ങളുടെ വിശദാംശങ്ങൾ കമ്മീഷൻ തയ്യാറാക്കി വരുന്ന വിവിധ റിപ്പോർട്ടുകളിൽ ഉചിതമായ രീതിയിൽ ഉൾക്കൊള്ളിക്കുന്നതിന് തീരുമാനിച്ചു. |
| 12 | കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടായ 'വിജിലൻസ് സംവിധാനം- പരിഷ്കരണം' സംബന്ധിച്ച് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടി. | 'വിജിലൻസ് സംവിധാനം- പരിഷ്കരണം' എന്ന കമ്മീഷൻ റിപ്പോർട്ട് പരിഗണിക്കുകയോ അതിൽ എന്തെങ്കിലും നടപടികൾ എടുക്കുകയോ ചെയ്യാതിരിക്കുന്നതിൽ ചെയർമാൻ ഉന്നയിച്ച ഉൽക്കണ്ഠ യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| 13 | ഭരണപരിഷ്കാര കമ്മീഷൻ ഓഫീസിൽ അഡീഷണൽ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്ന ശ്രീ.ടി.പി.ബാബു 31.03.2018 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന്റെ സേവനം നീട്ടി നൽകുന്നത് സംബന്ധിച്ച് | ഭരണപരിഷ്കാര കമ്മീഷൻ ഓഫീസിൽ അഡീഷണൽ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്ന ശ്രീ.ടി.പി.ബാബുവിന്റെ സേവനം കമ്മീഷന്റെ അനുസ്യൂതമായ പ്രവർത്തനത്തിന് തുടർന്നും അത്യന്താപേക്ഷിതമാണെന്ന് കമ്മീഷൻ യോഗം വിലയിരുത്തി. അതിനാൽ അദ്ദേഹത്തിന്റെ സേവനം 01.04.2018 മുതൽ ഒരു വർഷത്തേക്ക് നീട്ടി നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു. |

കമ്മീഷന്റെ അടുത്ത യോഗം 2018 മാർച്ച് 28 ന് രാവിലെ 11.00 മണിക്ക് കൂടുന്നതിന് തീരുമാനിച്ചു.

യോഗം വൈകീട്ട് 5.00 മണിക്ക് അവസാനിച്ചു.